II ഇ.ബി. XV-കേരള നിയമസഭ/III-13

## പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ഒക്ടോബർ 29, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

38 (*361) പെയർ ട്രോളിംഗ്മൂലം മത്സ്യസമ്പത്തിൽ കുറവ്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ തീരക്കടലിൽ പല പ്രദേശത്തും പെലാജിക് നെറ്റ് ഉപയോഗിച്ച് ചെറുമീനുകൾ ഉൾപ്പെടെ പിടിക്കുന്ന പെയർ ട്രോളിംഗ് നടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അനധികൃതവും നിയമവിരുദ്ധവുമായ ഇത്തരം മത്സ്യബന്ധനം നടത്തിയ 18 യാനങ്ങൾ പിടിച്ചെടുക്കുകയും 14,99,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, കാലാവസ്ഥാ വ്യതിയാനം,

ആഗോളതാപനം, കടൽ ആവാസ വ്യവസ്ഥയെ ബാധിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, അറബിക്കടലിൽ അടിക്കടിയുണ്ടാകുന്ന ന്യൂനമർദ്ദം, മത്സ്യബന്ധന ദിവസങ്ങൾക്കുണ്ടായ കുറവ് എന്നിവ മത്സ്യലഭ്യത കുറയാൻ കാരണമായിട്ടുണ്ട്. മൺസൂൺകാലത്ത് മുട്ടയുള്ള മത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് 52 ദിവസക്കാലം ട്രോൾ ബാൻ ഏർപ്പെടുത്തുകയും നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി KMFR ആക്ട് പരിഷ്കരിക്കുകയും നിയമലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും മത്സ്യബന്ധന വലനിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. നിയമലംഘനം നടത്തി അനധികൃതവും അശാസ്ത്രീയവുമായി മത്സ്യബന്ധനം നടത്തുന്ന യന്ത്രവത്കൃത മത്സ്യബന്ധനയാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ഇതര സംസ്ഥാന ബോട്ടുകൾ കേരളത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം

നടത്തുന്നത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലങ്കോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴത്തിനു പുറത്തും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരംവരെ തീരത്തുനിന്നും 20 മീറ്റർ ആഴത്തിനു പുറത്തും മാത്രമാണ് യന്ത്രവത്കൃത ബോട്ടുകൾക്ക് മത്സ്യ ബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. കടലിൽ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ, കൊച്ചുതുറ, പുതുക്കുറിച്ചി, പൂന്തുറ, ബീമാപള്ളി, വലിയതുറ, കൊല്ലങ്കോട്, പരുത്തിയൂർ, പള്ളം, അടിമലത്തുറ, പുതിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുകയും പൂവാർ, വേളി മത്സ്യഗ്രാമങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിരോധിത മത്സ്യബന്ധനരീതികൾ, വലകൾ എന്നിവ ഉപയോഗിക്കുന്നതിലെ ദോഷഫലങ്ങളെക്കുറിച്ച് മത്സ്യ ത്തൊഴിലാളികൾക്കിടയിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. 12 നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന വിദേശ ട്രോളറുകളെ നിയന്ത്രിക്കുന്നതിന് സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നും സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRB യാനങ്ങൾ നൽകുന്നതിന്

നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 2019 മുതൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ തീരദേശ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പുനർഗേഹം പദ്ധതിയിൽ 9 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരികയാണെന്നും പദ്ധതിയിൽ കൂടുതൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും ഹാർബറുകളിൽ റെസ്ക്യൂ സംവിധാനം ഏർപ്പെടുത്തുമെന്നും ജുവനൈൽ ഫിഷിംഗിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39 (*362) ഗോത്രസാരഥി പദ്ധതി

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്ന് വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ പോയിവരുന്നതിന് വാഹന സൗകര്യമേർപ്പെടുത്തുന്ന 'ഗോത്രസാരഥി' പദ്ധതിയുടെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തദ്ദേശ സ്വയംഭരണം,

നഗരകാര്യം പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിക്ക് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകുകയും നടപ്പ് അധ്യയനവർഷത്തിൽ പദ്ധതിക്കാവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഉൾവനങ്ങളിലും വനാതിർത്തിയോട് ചേർന്നും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് താമസിച്ച് പഠനം നടത്തുന്നതിന് പ്രീമെട്രിക് ഹോസ്റ്റലുകളും പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കായി ആശ്രമം സ്കൂളുകളും സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. മെന്റർ ടീച്ചർ, പട്ടികവർഗ്ഗ പ്രൊമോട്ടർ, സോഷ്യൽ വർക്കർ എന്നിവർ മുഖേന മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഈ അധ്യയന വർഷം സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആവശ്യമുള്ള സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള മത്സരപരീക്ഷകൾക്ക് പ്രാപ്തമാക്കുന്നതരത്തിൽ വിവിധ പരിശീലനപരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രീമെട്രിക്/പോസ്റ്റ് മെട്രിക്

ഹോസ്റ്റലുകളുടെയും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ തീരുമാനിക്കുകയും ആദിവാസികളുടെ ഭാഷയും സംസ്കാരവും പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. വട്ടവടയിൽ ഹോസ്റ്റൽ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും എസ്.സി./എസ്.ടി. കുട്ടികൾക്കായി വെള്ളായണിയിൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ സ്ഥാപിച്ചിട്ടുണ്ടെന്നും കൂത്തുപറമ്പ് മണ്ഡലത്തിലെ കണ്ണവം ഉൾപ്പെടെയുള്ള എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹൈടെക് ആക്കുമെന്നും ചാലക്കുടി മണ്ഡലത്തിലെ അരേക്കാപ്പ് ആദിവാസി കോളനിയിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തിവരികയാണെന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ ആദിവാസി സമൂഹത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40 (*363) മത്സ്യ കൃഷിയും വിത്തുല്പാദനവും

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പുതിയ മത്സ്യ വിത്തുഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിലും ആർ.ഐ.ഡി.എഫ്.-ലും ഉൾപ്പെടുത്തി യഥാക്രമം 50.4 , 37.54 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സർക്കാർ അധീനതയിലുള്ള മത്സ്യ, ചെമ്മീൻ ഹാച്ചറികളുടെ വിത്തുല്പാദന ശേഷി അനുസരിച്ച് ഉൽപ്പാദനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശീയ മത്സ്യയിനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പൊരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി എന്നീ 8 റിസർവ്വോയറുകളിൽ എൻഡമിക് കാർപ്പ്, എൻഡമിക് ക്യാറ്റ് ഫിഷ്, കുയിൽ മത്സ്യം, വരാൽ മുതലായ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയും ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ്

പ്രോഗ്രാമും നടപ്പിലാക്കിവരുന്നുണ്ട്. ഗിഫ്റ്റ് തിലാപ്പിയ മത്സ്യത്തിന്റെ വിത്തുല്പാദനത്തിന് തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ ഗിഫ്റ്റ് ഹാച്ചറികളുടെ നിർമ്മാണം പൂർത്തിയാക്കുകയും കൊല്ലം, പാലക്കാട് ജില്ലകളിൽ ഇവ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണെന്നും മത്സ്യത്തിൽനിന്നും ഉപോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പൊതുജലാശയങ്ങളിൽ കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മത്സ്യഫെഡിന്റെ കീഴിലുള്ള സംഘങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മാർക്കറ്റിംഗ് നെറ്റ്‌വർക്ക് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടെന്നും സീ ഫുഡ് റെസ്റ്റോറന്റുകൾ വ്യാപകമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.